# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 622 — 28.10.2011-ൽ മറുപടിക്ക്

ചോദ്യം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം
ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## റവന്യൂ കമ്മി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിൻെറ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനു വേണ്ടി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; ഈ വർഷം അവസാനത്തോടെ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാകുമോ; | കൃത്യമായ നികുതി നിർണ്ണയത്തിലൂടെയും നികുതി ചോർച്ച തടയുന്നതിലൂടെയും നികുതി കൊടുക്കൽ, ഒടുക്കൽ സമ്പ്രദായത്തിന് കൂടുതൽ സുതാര്യ തയും ആകർഷണീയ തയും ഉറപ്പാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുകയും വിവിധ വകുപ്പു കളിലെ നികുതിയേതര വരുമാനത്തിൻെറ നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ അധിക വിഭവസമാഹരണം കൈവരിക്കുന്നതോടൊപ്പം അനാവശ്യച്ചെലവുകൾ ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ റവന്യൂ കമ്മി കുറച്ചുകൊണ്ടു വരാനാണ് ഗവൺമെൻറ് ലക്ഷ്യമിടുന്നത്. ഈ വർഷം അവസാനത്തോടെ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയില്ല. |
| (ബി) | നികുതി ഇനത്തിലും നികുതി ഇതര ഇനത്തിലും അധിക വിഭവസമാഹരണം നടത്താനുദ്ദേശിക്കുന്നുണ്ടോ; | ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഈ സാമ്പത്തിക വർഷത്തെ ലക്ഷ്യവും ഇതിനകമുള്ള നേട്ടവും വിശദമാക്കാമോ? | നടപ്പുവർഷത്തെ ബഡ്ജറ്റിൽ 615.75 കോടി രൂപയുടെ അധിക വിഭവ സമാഹരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈയിനത്തിൽ വാണിജ്യ നികുതിയിൽ ലക്ഷ്യമിട്ടിരുന്ന 416.75 കോടി രൂപയിൽ ഇതിനകം 107.80 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ അധിക വിഭവ സമാഹരണ പ്രവർത്തനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ